# അക്ഷരായനം-നവകം 2025

## ആമുഖം

സർഗാത്മക വായനോത്സവത്തിന്റെ ഒമ്പതാമത് ദളവും വിടർത്തി അക്ഷരായനം അതിന്റെ ജൈത്രയാത്ര തുടർന്നുകൊണ്ടിരിക്കുന്നു എന്നത്  പൊതു സമൂഹത്തിന്  വിസ്മയം പകരുന്ന അനുഭവം തന്നെയാണ്. വ്യത്യസ്ത ഭൂഖണ്ഡങ്ങളിൽ നിന്ന് വ്യത്യസ്ത തുറയിൽ പെട്ടവർ - വിദ്യാർത്ഥികൾ, ഗവേഷകർ, അധ്യാപകർ, രക്ഷിതാക്കൾ, ഗ്രന്ഥശാല പ്രവർത്തകർ, കർഷകർ, പാട്ടുകാർ, ചിത്രകാരന്മാർ, തൊഴിൽ അന്വേഷകർ, പൊതുജനങ്ങൾ- എല്ലാം ഒത്തുകൂടുന്ന ഓൺലൈൻ കൂട്ടായ്മയാണ് അക്ഷരായനം. ചിട്ടയായ വായന പരിശീലനം, എഴുത്തുകാരുമായി സംവദിക്കൽ , വിവിധ സാഹിത്യ സാങ്കേതിക വ്യവഹാര രൂപങ്ങളിലൂടെ കടന്നുപോകൽ, നൈപുണീ വികസനം, സമഗ്ര വ്യക്തിത്വ വികസനം , കേരളത്തിലെ ലൈബ്രേറിയന്മാരെ ആദരിക്കൽ, കർഷകർക്കും സംഗീതാഭിരുചിയുള്ളവർക്കും ചിത്രകാരൻമാർക്കും, തൊഴിലന്വേഷകക്കുമെല്ലാം  ഒരു മാർഗ്ഗദർശി ആവുക........ എന്നിങ്ങനെ നീളുന്നു അക്ഷരായനത്തിന്റെ  ലക്ഷ്യങ്ങളും കർമ്മപഥങ്ങളും.

ജൂൺ മുതൽ ഒക്ടോബർ വരെ നടക്കുന്ന വായനോത്സവത്തിൽ അക്ഷരായനത്തിലെ വിവിധ കാറ്റഗറിക്കാർ പുസ്തകങ്ങളുടെ ഉള്ളാഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്നു. അനുബന്ധ പ്രവർത്തനങ്ങൾ, രചയിതാക്കളുമായുള്ള ഗൂഗിൾ മീറ്റ് സംവാദം , ഗൂഗിൾ ഫോം പരീക്ഷകൾ, മുഖാമുഖം എന്നീ പ്രക്രിയയിലൂടെ ഓരോ കാറ്റഗറിയിൽ നിന്നും 10 മികച്ച വായനക്കാരെയും 10 മികവാർന്ന വായന പങ്കാളികളെയും തെരഞ്ഞെടുത്ത് ജനുവരി 26 ന് നടക്കുന്ന മഹാസംഗമത്തിൽ വച്ച് ആദരിക്കുന്നു.  അക്ഷരായനത്തിന്റെ മാത്രം മുഖമുദ്രയാണിത്.

## അക്ഷരായനം നവകം 2025 ലെ പ്രധാന പ്രവർത്തനങ്ങൾ

## ആശയവിപുലീകരണ ശില്പശാല

തൃശ്ശൂരിലെ ശ്രീ കേരളവർമ്മ കോളേജിൽ വെച്ച് ഏപ്രിൽ 27 ന് അക്ഷരായനം ഭാരവാഹികളും വിവിധ കാറ്റഗറി ലീഡ് അംഗങ്ങളും പങ്കെടുത്ത ചർച്ചയിൽ, ഓരോ കാറ്റഗറിക്കും പ്രതിമാസ വായന, വായനോത്സവം എന്നിവയ്ക്ക് അനുയോജ്യമായ പുസ്തകങ്ങൾ തിരഞ്ഞെടുത്തു.

## തീമാറ്റിക് വായന

ഈ വർഷം ഓരോ കാറ്റഗറിക്കും " മിത്തും പുരാവൃത്തവും" എന്ന തീമിന് യോജിക്കുന്ന വെവ്വേറെ പുസ്തകങ്ങൾ തിരഞ്ഞെടുത്ത്, 2025 മാർച്ച് 15 മുതൽ മെയ് 5 വരെയുള്ള കാലയളവിലാണ് തീമാറ്റിക് വായന നടന്നത്.

## മെയ് മാസ വായന

മെയ്മാസ വായന, 2025 മെയ് 11 മുതൽ ജൂൺ 10 വരെയുള്ള ദിനങ്ങളിൽ, പ്രധാന വായനോത്സവത്തിന്റെ മാതൃകയിലാണ് നടത്തിയത്. ഓരോ കാറ്റഗറിയിലെയും അംഗങ്ങൾ, അവർക്കായി തിരഞ്ഞെടുത്ത പുസ്തകവായനയുമായി ബന്ധപ്പെട്ട് 3 വീതം അനുബന്ധ പ്രവർത്തനങ്ങൾ ചെയ്യുകയുണ്ടായി. കൂടാതെ ഓരോ ഘട്ടത്തിലും എഴുത്തുകാരനെ ഉൾപ്പെടുത്തിയുള്ളൊരു ഗൂഗിൾ മീറ്റും ഗൂഗിൾ പരീക്ഷയും നടത്തുകയുണ്ടായി.

## പ്രധാന വായനോത്സവം

ഒമ്പതാമത് അക്ഷരായനം വയനോത്സവം, "നവകം" എന്ന പേരിൽ 2025 ജൂൺ 19 ന് ഗൂഗിൾ മീറ്റിലൂടെ പ്രശസ്ത എഴുത്തുകാരൻ ശ്രീ. സുസ്മേഷ് ചന്ദ്രോത്ത് ഉദ്ഘാടനം നിർവഹിച്ചു.

നവകം 2025 ലെ, പ്രധാന വായനോത്സവം ജൂൺ 19 ന് തുടങ്ങി ഒക്ടോബർ 30 ന് അവസാനിക്കുന്നവിധമാണ് നടന്നത്. ഓരോ വിഭാഗത്തിനും വായനക്കായി മൂന്ന് പുസ്തകങ്ങൾ വീതം തിരഞ്ഞെടുക്കുകയും, മൂന്ന് ഘട്ടങ്ങളിലും മൂന്ന് വീതം അനുബന്ധപ്രവർത്തനങ്ങളും എഴുത്തുകാരെ ഉൾപ്പെടുത്തിയുള്ള ഗൂഗിൾ മീറ്റുകളും ഗൂഗിൾ പരീക്ഷയും നടത്തുകയുണ്ടായി. വായനപങ്കാളികളുടെ വിവിധ പ്രവർത്തനങ്ങളും പരീക്ഷയും വിലയിരുത്തി, സ്കോറിൽ ഏറ്റവും മുന്നിൽ എത്തിയ 20 പേരെ തിരഞ്ഞെടുത്തു. അവരെ ഉൾപ്പെടുത്തി നടത്തിയ മുഖാമുഖത്തിൽ, വിജയികളായ ആദ്യത്തെ 10 പേരെ മികച്ച വായനക്കാരായും അടുത്ത 10 പേരെ മികവാർന്ന വായനക്കാരായും പ്രഖ്യാപിച്ചു.

## ഓണാഘോഷം

ഈ വർഷത്തെ അക്ഷരായനത്തിന്റെ ഓണാഘോഷത്തിൽ,
2025 സെപ്റ്റംബർ 4,5,6 എന്നീ തീയതികളിൽ എല്ലാ വിഭാഗത്തിലെയും അക്ഷരായനം അംഗങ്ങളുടെ കലാപരിപാടികൾ ഓൺലൈനിൽ സംഘടിപ്പിക്കുകയുണ്ടായി.

## വരലിപി 2025-ഇടക്കാല സംഗമം

ഈ വർഷം അക്ഷരായനാംഗങ്ങൾ ഇടക്കാല സംഗമയാത്ര പോയത്,
ഒക്ടോബർ 19 ന് കോട്ടയം നാട്ടകത്തെ അക്ഷരമ്യൂസിയത്തിലേക്കാണ്. സംഗമത്തിൽ 180 ഓളം അംഗങ്ങൾ പങ്കെടുത്തിരുന്നു.

ഇടക്കാല സംഗമം മീറ്റ് ഉദ്ഘാടനം ചെയ്ത് സംസാരിച്ചത്, കോട്ടയം മനോരമ വീക്കിലിയുടെ ചീഫ് എഡിറ്റർ ഇൻ ചാർജ് ആയ ശ്രീ എം. എസ്. ദിലീപ് ആണ്. മുഖ്യ പ്രഭാഷണം നടത്തിയത് എഴുത്തുകാരനും പ്രഭാഷകനും മാധ്യമ പ്രവർത്തകനുമായ അഡ്വക്കേറ്റ് കെ. അനിൽ കുമാറും ആണ്.

## എഴുത്തോല

ഈ വർഷം, അക്ഷരായനം അംഗങ്ങളുടെ പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ
പരിചയപ്പെടുത്താനുള്ള "എഴുത്തോല" നടത്തിയത്, 2025 ഡിസംബർ 1 മുതൽ 2026 ജനുവരി 9 വരെയായിരുന്നു. 2026 ജനുവരി 10 മുതൽ 19 വരെയുള്ള തീയതികളിൽ( ജനുവരി 18 ഒഴികെ ) ഗൂഗിൾ മീറ്റ് വഴി
എഴുത്തോലയിൽ വായനക്കെടുത്ത പുസ്തകങ്ങളുടെ രചയിതാക്കളുമൊത്തുള്ള
പുസ്തകചർച്ചയും നടത്തി. ഉദ്ഘാടന ദിവസം ബാബു
അബ്രഹാമിന്റെ "കമ്പിളികണ്ടത്തെ
കൽഭരണികൾ" എന്ന പുസ്തകവും സമാപന ദിവസം, പ്രൊഫ. മധുവാസുദേവന്റെ
"ദേവഗാന്ധാരം" എന്ന പുസ്തകവുമാണ് ചർച്ച ചെയ്തത്. ജനുവരി 11 മുതൽ 17 വരെയുള്ള തീയതികളിൽ അക്ഷരായനം അംഗങ്ങളായ എഴുത്തുകാരുടെ പുസ്തകങ്ങളും ചർച്ച ചെയ്തു.

## മുറ്റത്തെ മുല്ല

വായനയും എഴുത്തും മാത്രമല്ല, അക്ഷരായനം അംഗങ്ങളുടെ സർഗ്ഗ ശേഷികൾ
പ്രകടിപ്പിക്കാനുള്ള വേദികൂടിയാണ് അക്ഷരായനത്തിന്റെ*മുറ്റത്തെ മുല്ല* എന്ന പരിപാടി.
നവംബർ 15 മുതൽ 30 വരെയാണ് ഈ സർഗ്ഗ സന്ധ്യകൾ അണിഞ്ഞൊരുങ്ങിയത്.
അംഗങ്ങളുടെ ആവേശഭരിതമായ പങ്കാളിത്തത്താലും വൈവിധ്യപൂർണമായ കലാ
പരിപാടികളാലും മുറ്റത്തെ മുല്ല ഏറെ ആകർഷണീയാനുഭവമായിമാറി.

## നവകം 2025, അക്ഷരായനം ഭാരവാഹികൾ

### ചെയർപേഴ്സൺ :

കെ.എൻ. യശോധരൻ മാഷ്

### വൈസ് ചെയർപേഴ്സൺമാർ

പി. കെ. ശ്രീകുമാർ

നിഷഫ്രാൻസീസ്

### കൺവീനർ

ബെന്നി ജേക്കബ്ബ്

### ജോ. കൺവീനർമാർ

എം.കെ. പാർവ്വതി

ടി.കെ. ബിന്ധ്യ

ഇ. നാരായണി

മായ വിനോദ്

### അക്കാദമിക് കൺവീനർ

ഡോ. കെ. ധനലക്ഷ്മി

### അക്കാദമിക് ജോ.കൺവീനർ മാർ

വി. ശ്രീബ

സി. രമ

ജയ സുരേഷ്

ടി.കെ. സരോജിനി

## വിവിധ കാറ്റഗറിയെ നയിച്ചിരുന്നവർ

## കാറ്റഗറി 1

### ഭാരവാഹികൾ

1.സാവിത്രി കെ.വി.   (ചെയർപേഴ്സൺ)

2. സൂസമ്മ ഡേവിഡ് (വൈസ് ചെയർപേഴ്സൺ)

3. പ്രമീള നാരായണൻ (ലീഡർ)

4. സബിത ലിജോ ഉപലീഡർ)

5. ഷീന റോബർട്ട് (ജഡ്ജിങ് കമ്മറ്റി ചെയർപേഴ്സൺ)

## *കാറ്റഗറി 2 *

### ഭാരവാഹികൾ

1 .  ലിസി ജോസഫ് (ചെയർപേഴ്സൺ)

2.  അംബുജാക്ഷി  വി.പി. (വൈസ് ചെയർപേഴ്സൺ)

3.  ഗീത  കെ.വി. ( ലീഡർ)

4. ലളിതാംബിക വി.(ഉപലീഡർ)

5.സന്ധ്യ സുനിൽ (ജഡ്ജിങ് പാനൽ ചെയർപേഴ്സൺ)

## കാറ്റഗറി 3

### ഭാരവാഹികൾ

1.ഭാനുമതി എൻ. വി. ( ചെയർപേഴ്സൺ)

2.രമ രാജൻ (വൈസ്ചെ യർപേഴ്സൺ)

3. വീണ കെ. എം. ( ലീഡർ )

4. സുഷമ ടി. ആർ. ( ഉപലീഡർ )

5. പ്രിയ ബി. ( ജഡ്ജിങ് പാനൽ & ict ചെയർപേഴ്സൺ )

## കാറ്റഗറി 4

### ഭാരവാഹികൾ

1.ശൈലജ വർമ്മ

( ചെയർ പേഴ്സൺ)

2. ഗീത പി.

( വൈസ് ചെയർപേഴ്സൺ)

3. ശ്യാമള എം. ( ലീഡർ)

4.സുമയ്യ പി. കെ.
( ഉപലീഡർ)
5.അജിത് കുമാർ
( ജഡ്ജിംഗ് പാനൽ ചെയർ പേഴ്സൺ)

## കാറ്റഗറി 5

### ഭാരവാഹികൾ

1. രഞ്ജിനി രാമു ( ചെയർപേഴ്സൺ)
2. രഞ്ജു ഷൈൻ ( വൈസ് ചെയർപേഴ്സൺ)
3. ഊർമിള എ.( ലീഡർ)
4. ശ്രീജ പട്ടല്ലൂർ ( ഉപലീഡർ)
5. സുമകല ( ജഡ്ജിങ്
പാനൽ ചെയർപേഴ്സൺ)

# ഉപഗ്രൂപ്പുകൾ

### ഭാരവാഹികൾ

## രാഗായനം

1.ശ്യാമള വി.എം. ( ചെയർപേഴ്സൺ )
2.ശ്രീനിവാസൻ സി.പി.
( വൈസ് ചെയർപേഴ്സൺ )
3.ഇന്ദ്രപ്രസാദ് ഐ.(ലീഡർ)
4.അനൂപ് പി വി ( ഉപ ലീഡർ )

## കർഷക മിത്രായനം

### ഭാരവാഹികൾ

1.ഭരതൻ കെ. എസ്. ( ചെയർപേഴ്സൺ)
2. എം. സി.അമ്മിണി ടീച്ചർ ( വൈസ് ചെയർ പേഴ്സൺ)
3. ബിന്ദു പറക്കാട് ( ലീഡർ)
4. സൈഫു കെ. അലനല്ലൂർ (ഉപലീഡർ)

5. ഡോ.എസ്റ്റിലിറ്റ രാജൻ ( ജഡ്ജിങ് പാനൽ ചെയർ പേഴ്സൺ)

## കർമ്മായനം

1. ശശീന്ദ്രൻ (ചെയർപേഴ്സൺ)
2.ഗീത പി. വി.( വൈസ് ചെയർപേഴ്സൺ)
3. സ്മിത പ്രസാദ് (ലീഡർ)
4.ഭവിത എൻ. കെ.(അക്കാ.കോർ.)
5.ആൽബർട്ട് തമ്പി
(അക്കാ.കോർ)

## ചിത്രായനം

1. സ്മിത രാമദാസ്( ചെയർപേഴ്സൺ)
2. പാറു പ്രദീപ് (വൈസ് ചെയർപേഴ്സൺ)
3. അഷറഫ് വാടാന പ്പിള്ളി ( കൺവീനർ)
4. റിൻസി ജെ. പുളിക്കൽ ( ജോയിന്റ് കൺവീനർ)